586

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി - നെല്ലിന്റെ പ്രോസസ്സിംഗ് ചാർജ്ജും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും മില്ലുടമകൾക്ക് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്

സ. ഉ (എം.എസ്.) നം.01/2017/ഭ.പൊ.വി. തീയതി, തിരുവനന്തപുരം, 11.01.2017

---

പരാമർശം :- 1. 26.02.2016 ലെ സ.ഉ (എം.എസ്) നം.7/14/ഭ.സി.സ.വ.

2. കേരളാ സ്റ്റേറ്റ് റൈസ് മിൽ ഓണേഴ്സ് അസോസിയേഷന്റെ 19.09.16 ലെ നിവേദനം.

3. സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 26.04.2016 ലെ Est-7-23119/12 നമ്പർ കത്ത്.

4. 03.10.2016 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

നെല്ലിന്റെ പ്രോസസ്സിംഗ് ചാർജ്ജും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും മില്ലുടമകൾക്ക് 20% ആയി വർദ്ധിപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

നെല്ലിന്റെ നിലവിലുള്ള പ്രോസസ്സിംഗ് ചാർജ്ജും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേരളാ റൈസ് മില്ലേഴ്സ് അസോസിയേഷൻ പ്രസിഡന്റ് പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2015-16 ഒന്നാം സീസൺ മുതൽ മില്ലുകാർ വഹിക്കുന്ന വിവിധ ചെലവുകൾ വർദ്ധിപ്പിച്ച് നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി മുഖാന്തിരമുള്ള നെല്ല് സംഭരണത്തിനായി മില്ലുടമകൾക്ക് പ്രോസസ്സിംഗ് ചാർജ്ജും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ക്വിന്റലിന് 190 രൂപ നിരക്കിൽ വർദ്ധിപ്പിച്ച് നൽകുവാൻ തീരുമാനിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2015-16 ഒന്നാം സീസൺ മുതൽ നെല്ലിന്റെ പ്രോസസ്സിംഗ് ചാർജ്ജും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി പ്രകാരം മില്ലുടമകൾക്ക് ക്വിന്റലിന് 190 രൂപ എന്ന നിരക്കിൽ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

മിനി ആന്റണി IAS

ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി

സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.

അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), തിരുവനന്തപുരം

കൃഷി വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ്

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (File No.2407/C 1/15/F&CSD)
ഭക്ഷ്യ പൊതുവിതരണ (OS) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ